ട്ടുണ്ട്. ആ വിവരം കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ : സർ, പഞ്ചായത്ത് രാജ്- നഗരപാലിക നിയമം വരുന്നതിനുമുമ്പ് ഗവണ്മെന്റ് വികസന കോളനിയായി ഡിക്ലയർ ചെയ്തതും പൂർത്തീകരിക്കാത്തതുമായ കോളനികൾ അഡീഷണൽ ഫണ്ട് കൊടുത്ത് പൂർത്തീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അഡീഷണൽ ഫണ്ട് ഇപ്പോൾ കൊടുക്കുന്നുണ്ട്. അതിന് ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ കഴിയുന്നില്ല. അതിന്റെ ആവശ്യം തിട്ടപ്പെടുത്തിയതിനുശേഷം ആവശ്യമായ ഫണ്ട് കൊടുക്കാം.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ പട്ടികജാതി സങ്കേതങ്ങൾ, പ്രത്യേകിച്ച് ഐ.എച്ച്.ഡി.പി. കോളനികൾ, ആ കോളനികളുടെ വികസനം പൂർത്തിയാക്കുന്നതോടൊപ്പം തന്നെ അങ്ങനെ എടുത്ത പല കോളനികളിലും താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുത്തിട്ടില്ല. നിരവധി പ്രാവശ്യം നിയമ സഭയിലും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇതു സംബന്ധിച്ച് റവന്യൂ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് എല്ലാ പാവപ്പെട്ട പട്ടികജാതിക്കാർക്കും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. എത്രയും പെട്ടെന്ന് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി.എസ്. സുപാൽ : സർ, വൈദ്യുതീകരണത്തിന്റെ കാര്യമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച ധാരാളം കോളനികളുണ്ട്. ആ കോളനികൾക്കൊന്നും സമയബന്ധിതമായി വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിയുന്നില്ല, ഫണ്ടിന്റെ അപര്യാപ്തതയൊക്കെ ഉണ്ട്. ഈ അപര്യാപ്തതയൊന്നും ഇല്ലാതെ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിന് സമയബന്ധിതമായ ഒരു പ്രോഗ്രാം തയ്യാറാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും വൈദ്യുതീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അതു സംബന്ധിച്ച് വൈദ്യുത വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. ഈ വർഷം തന്നെ പരമാവധി ആളുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ്.

2 (*417) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം

ശ്രീ. എം. ദാസൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ കോഴ്സുകൾ തുടങ്ങി എന്നും എന്തെല്ലാം കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിവിധ ജില്ലകളെക്കുറിച്ച് പഠനം നടത്തി പ്രസ്തുത ജില്ലകളിൽ അവശ്യം വേണ്ടുന്ന കോഴ്സുകൾ സർക്കാർ തലത്തിൽ തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(ഡി) പിന്നോക്കം നിൽക്കുന്ന ജില്ലകളെ ഉൾപ്പെടുത്തി ഡിഗ്രിതലത്തിൽ ടൂറിസം, മൈക്രോബയോളജി, ഫോറസ്ട്രി, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് തുടങ്ങിയുള്ള വിഷയങ്ങളിൽ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ സർക്കാരും സർവ്വകലാശാലകളും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

വിവിധ തൊഴിലുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ 321 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ 45 തരം കോഴ്സുകൾ നിലവിൽ നടന്നുവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിഗ്രിതലത്തിൽ നിലവിലുള്ള കൺവെൻഷണൽ കോഴ്സുകൾക്ക് പകരം തൊഴിലധിഷ്ഠിത കോഴ്സുകൾ പല കോളേജുകളിലും ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. പോളിടെക്നിക്കുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. തുടങ്ങിയ കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

കോളേജുകളിൽ ജി.ഒ.(എം.എസ്) 134/98/ഉ.വി.വ. തീയതി 9.11.98 പ്രകാരം അനുവദിച്ച കോഴ്സുകളിൽ മിക്കതും തൊഴിലധിഷ്ഠിത കോഴ്സുകളാണ് (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.†

പുതിയ കോഴ്സുകൾക്കുള്ള ശുപാർശകൾ സർവ്വകലാശാലകളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അവ പരിഗണിക്കുന്നുണ്ട്. ഈ അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ എല്ലാ സർവ്വകലാശാലകളുടെയും ശുപാർശകൾ ലഭിച്ചില്ലെങ്കിൽ മാത്രമേ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

(സി) നിലവിലുള്ള വി.എച്ച്.എസ്.ഇ. കോഴ്സുകൾ പ്രാദേശിക തലത്തിൽ ആവശ്യമാണോ അതോ പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് പുനഃക്രമീകരിക്കണമോ എന്ന് തീരുമാനിക്കുന്നതിന് ഒരു പഠനം നടത്തുന്നതിനായി ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ പ്രതിനിധിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി പഠനം നടത്തുന്നതാണ്. പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് മുമ്പ്

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു വൊക്കേഷണൽ സർവേ നടത്തി തീരുമാനിക്കും. അങ്ങനെയാകുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾക്കുവേണ്ടി ആവശ്യം വരുന്ന കോഴ്സുകൾ ശുപാർശ ചെയ്യേണ്ടത് അതത് സർവ്വകലാശാലകളാണ്.

(ഡി) ഫോറസ്ട്രി ഒഴിച്ച് മറ്റ് വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. ദാസൻ : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ തൊഴിലുകളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ 321 വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ 41 തരം കോഴ്സുകൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ ഈ കോഴ്സുകളിൽ പലതും പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി ഈ കോഴ്സുകൾ പഠിച്ച് പുറത്തു വരുന്ന ഉദ്യോഗാർത്ഥികൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നടന്നുകൊണ്ടിരിക്കുന്ന മുഴുവൻ കോഴ്സുകളും പി.എസ്.സി. യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; പുതിയ വൊക്കേഷണൽ ഹയർസെക്കൻഡറി കോഴ്സുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇതിൽ 12-ൽപ്പരം കോഴ്സുകൾ ഇതിനോടകം പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ അംഗീകരിപ്പിക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ദാസൻ : നമ്മുടെ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിലവിൽ ഇപ്പോൾ ഏകീകരിച്ച സേവന വേതന വ്യവസ്ഥകളില്ല. ഇതിന്റെ ഫലമായി സർക്കാർ സ്കൂളുകളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അവരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ വർഷം തന്നെ അതിന് അന്തിമരൂപം നൽകാൻ കഴിയുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : നമ്മുടെ വിദ്യാഭ്യാസമേഖലയിൽ കായികാദ്ധ്യയനത്തോട് പൊതുവേ ആഭിമുഖ്യം കുറഞ്ഞുവരികയാണ്. അതു പരിഹരിക്കുന്നതിനുവേണ്ടി 8-ാം തരം മുതൽ കരിക്കുലം പരിഷ്ക്കരിച്ചുകൊണ്ട് കായികാദ്ധ്യയനത്തോട് ആഭിമുഖ്യമുണ്ടാക്കാൻ കഴിയുന്ന വിദ്യാഭ്യാസരീതി ആവിഷ്കരിക്കാൻ കഴിയുമോ; അതേക്കുറിച്ച് ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് പറയുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, കൈകൊണ്ട് കാര്യങ്ങൾ ചെയ്ത് പഠിക്കത്തക്ക നിലയിൽ ഈ പാഠ്യക്രമത്തിൽ തന്നെ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ഹയർ സെക്കൻഡറി തലത്തിലുള്ള വിദ്യാഭ്യാസം പൂർണ്ണമായും തൊഴിലധിഷ്ഠിതമായിരിക്കണമെന്നാണ് പ്രധാനപ്പെട്ട വിദ്യാഭ്യാസ കമ്മിറ്റികളെല്ലാം നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ നമ്മുടെ നാടുമായി ബന്ധപ്പെട്ട വിഷയങ്ങളായ കൃഷി, ജലസേചനം , സഹകരണം, ഫിഷറീസ് തുടങ്ങിയ നിരവധി കോഴ്സുകൾ ആരംഭിക്കുകയും നേരത്തെ പറഞ്ഞതുപോലെ അവയ്ക്ക് പി.എസ്.സി.യുടെ അംഗീകാരം വാങ്ങുകയും ചെയ്തുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചവിട്ടുപടിയായി മാത്രം ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ കാണുന്ന രീതി മാറ്റുവാനുള്ള ഒരു തയ്യാറെടുപ്പ് ഈ പുതിയ കമ്മിഷന്റെ ഭാഗമായിട്ട് ഉണ്ടാക്കുമോ എന്ന് പറയാൻ കഴിയുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടിയാണ് ഇവിടെ ആരംഭിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഇപ്പോൾ കേന്ദ്ര ഗവണ്മെന്റ് ആ സഹായം നിർത്തിയിട്ടുണ്ട്. 321 സ്കൂളുകളിലാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ തുടങ്ങിയിട്ടുള്ളത്. യഥാർത്ഥത്തിൽ 25% സ്കൂളുകളെങ്കിലും ഇത്തരത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളായിരിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ഇതൊരു ടെർമിനൽ കോഴ്സ് ആക്കുന്നതിനോട് പൊതുവേ അനുകൂലമായ അഭിപ്രായമല്ല ഉള്ളത്. ഈ കോഴ്സുകൾ പഠിച്ച് കഴിഞ്ഞും തുടർന്ന് പഠിക്കാൻ വേണ്ടി അത് പ്രീഡിഗ്രിക്ക് തുല്യമാക്കണം, യൂണിവേഴ്സിറ്റികളിൽ പ്രവേശനം ഈ കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കത്തക്കവണ്ണം ഇത് ക്രമീകരിക്കണമെന്നുള്ള ഡിമാന്റാണ് ഉയർന്നുവരുന്നത്. ഇതൊരു ടെർമിനൽ കോഴ്സ് ആക്കിയാൽ മാത്രമേ നമ്മളുദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. അത് ടെർമിനൽ കോഴ്സ് ആക്കുമ്പോൾ അവർക്ക് ഗവണ്മെന്റിൽ ഉദ്യോഗം കിട്ടാനും അതുപോലെ സ്വയംതൊഴിൽ കണ്ടെത്താനും അവരെ പ്രാപ്തരാക്കത്തക്കനിലയിൽ കുറേക്കൂടി ഈ രംഗത്ത് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കമ്പ്യൂട്ടർ ശൃംഖല വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പല ഗവണ്മെന്റ് സ്കൂളുകളിലും സർക്കാർ നൽകിയ കമ്പ്യൂട്ടറുകൾ ഉപയോഗശൂന്യമായി കിടക്കുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, കമ്പ്യൂട്ടർ കോഴ്സുകൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സിസ്റ്റത്തിൽ ഉണ്ട്. തീർച്ചയായിട്ടും ആ രംഗത്ത് കുറേക്കൂടി കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതാണ്. കമ്പ്യൂട്ടറുകളൊക്കെ സ്കൂളുകളിൽ വിനിയോഗിക്കത്തക്കവണ്ണം കുട്ടികളെ പഠിപ്പിക്കുവാൻ ഉപയോഗിക്കത്തക്കവണ്ണമുള്ള ക്രമീകരണങ്ങളൊക്കെ ചെയ്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരെ ഇപ്പോൾ താൽക്കാലികമായിട്ടാണ് നിയമിച്ചു വരുന്നത്. അവരെ സ്ഥിരമായി നിയമിക്കാനും അതുപോലെ തന്നെ ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകരെപ്പോലെ തന്നെ അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇക്കാര്യത്തെക്കുറിച്ച് വർഷങ്ങളായിട്ട് ഉണ്ടായിരുന്ന ആവശ്യമാണ് മെമ്പർ സൂചിപ്പിച്ചത്. അവരുടെ നിയമനത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള സ്പെഷ്യൽ റൂൾസിന്റെ കരടിന് അന്തിമരൂപം നൽകിയിട്ടുണ്ട്. ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ ഈ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകുന്നതാണ്.

ഡോ. സെബാസ്റ്റ്യൻ പോൾ : സർ, വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധപ്പെടുത്തുമ്പോൾ വിദ്യാഭ്യാസത്തെക്കുറിച്ച് നമ്മൾക്കുള്ള പരമ്പരാഗതമായ സങ്കൽപ്പമുണ്ട്. അതിനനുസൃതമായ മറ്റ് ഒട്ടേറെ കാര്യങ്ങൾ, അതുപോലെ മൂല്യങ്ങൾ, ഭാഷാപരമായ കഴിവുകൾ, ജീവിതത്തിലെ ചില മൂല്യങ്ങളെക്കുറിച്ചുള്ള അവബോധം ഇതൊക്കെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉറപ്പ് വരുത്താനുള്ള എന്തെങ്കിലും നടപടിയുണ്ടാകുമോയെന്ന് പറയാൻ കഴിയുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, മുഖ്യ ചോദ്യവുമായി നേരിട്ട് ബന്ധമില്ലെങ്കിലും മറ്റൊരു വിഷയംകൂടി അതുമായി ബന്ധപ്പെടുത്തി ചോദിച്ചതാണ്. വൊക്കേഷണൽ വിദ്യാഭ്യാസത്തെക്കുറിച്ചാണ് ഇവിടെ ചോദ്യം. തീർച്ചയായിട്ടും വിദ്യാഭ്യാസപരമായ മൂല്യങ്ങളിൽ പുതിയ തലമുറയ്ക്കു വിശ്വാസമുണ്ടാക്കത്തക്കവണ്ണമുള്ള പൊതുവായിട്ടുള്ള വിഷയങ്ങൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂളുകളോടനുബന്ധിച്ച് പഠിപ്പിക്കേണ്ടതായിട്ടുണ്ട്. തീർച്ചയായിട്ടും അക്കാര്യം ഒട്ടും അവഗണിക്കപ്പെടുകയില്ല.

ഡോ. സെബാസ്റ്റ്യൻ പോൾ : സർ, ഇവിടെ പ്രസക്തമല്ലായെങ്കിലും ഒരു കാര്യംകൂടി ചോദിക്കുകയാണ്. ഇപ്പോൾ നമ്മുടെ കോളേജുകളിൽ പ്രീഡിഗ്രി പ്രവേശനത്തിനുള്ള തിരക്ക് നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ പ്രീഡിഗ്രിയുടെ അഡ്മിഷൻ കഴിഞ്ഞപ്പോൾ നമ്മുടെ പ്ലസ് ടു സ്കൂളുകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പക്ഷേ അവിടെ അപേക്ഷ സ്വീകരിക്കുന്നതിന് ചെറിയൊരു തടസ്സമുണ്ട്. ഈ വൈകിയ വേളയിലെങ്കിലും കുട്ടികളുടെ അപേക്ഷ സ്വീകരിച്ച് ആ ഒഴിഞ്ഞുകിടക്കുന്നതായിട്ടുള്ള സീറ്റുകൾ ആവശ്യക്കാരായ കുട്ടികൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം ഗവണ്മെന്റ് ബന്ധപ്പെട്ടവർക്ക് കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർക്കാരിലേക്ക് അങ്ങനെയുള്ള സ്കൂളുകളുടെ ലിസ്റ്റ് തന്നാൽ അതിനുവേണ്ട നിർദ്ദേശം കൊടുക്കാമായിരുന്നു. പക്ഷേ എനിക്ക് ഇതേവരെ കിട്ടിയ റിപ്പോർട്ടനുസരിച്ച് കഴിഞ്ഞവർഷത്തേക്കാൾ മൂന്നിരട്ടി അപേക്ഷകളാണ് നമ്മുടെ സർക്കാർ +? സ്കൂളുകളിൽ ഈ വർഷം കിട്ടിയിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. +? കോഴ്സ് തുടങ്ങിയിട്ടുള്ള സർക്കാർ സ്കൂളുകളിൽ എവിടെയാണ് സീറ്റ് ഒഴിവുള്ളതെന്നും എവിടെയൊക്കെയാണ് തിരക്ക് കുറവുള്ളതെന്നും ഉള്ളകാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് എവിടെയൊക്കെയാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് എഴുതിതന്നാൽ അതേക്കുറിച്ച് പ്രത്യേകമായിട്ട് തീരുമാനിക്കാം. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന കാര്യം പരിഗണിക്കുകയും ചെയ്യാം.

മി. സ്പീക്കർ : അക്കാര്യം അങ്ങ് പ്രത്യേകമായിട്ട് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തണം. എങ്കിലേ അത് പ്രത്യേകം പരിഗണിക്കാൻ കഴിയുകയുള്ളൂ. അങ്ങ് അതേക്കുറിച്ച് എഴുതി തന്നെ കൊടുക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് ആലോചിക്കുമ്പോൾ വളരെ മുഖ്യമായിട്ട് വരുന്നത് ടെക്നിക്കൽ എഡ്യൂക്കേഷനാണ്. ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുടനീളമുണ്ട്. എന്നാൽ ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ ഇപ്പോൾ പഠിപ്പിക്കുന്ന കോഴ്സുകൾ പലതും കാലഹരണപ്പെട്ടതാണെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആധുനിക കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരണമായിട്ട് മോഡേൺ ടെക്നോളജിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആ കോഴ്സുകൾ അപ്ഡേറ്റ് ചെയ്യാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, വളരെ പ്രാധാന്യം കൊടുത്ത് അത് ചെയ്ത് കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും പോളിടെക്നിക്കുകളിലൊക്കെയുള്ള കോഴ്സുകൾ അപ്ഡേറ്റ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഇപ്പോൾ പോളിടെക്നിക്കുകളുടെ സംവിധാനത്തിൽ ആ പോളിടെക്നിക്കുകളോട് അനുബന്ധിച്ച് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്റേഴ്സ് ഉണ്ട്. അതുപോലെതന്നെ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലുമുണ്ട്. വളരെയധികം പ്രാധാന്യമുള്ള, കാലികപ്രാധാന്യമുള്ള ഒട്ടേറെ വിഷയങ്ങളിൽ അവിടെയിപ്പോൾ കോഴ്സുകൾ നടത്തുന്നുണ്ട്. കഴിഞ്ഞവർഷം തന്നെ ആറായിരം കുട്ടികളെ ഇക്കാര്യത്തിൽ പരിശീലിപ്പിക്കുകയുണ്ടായി. അലൂമിനിയം ഫാബ്രിക്കേഷൻ, ഓട്ടോ ഇലക്ട്രീഷ്യൻ, ഓട്ടോ ആന്റ് സ്കൂട്ടർ മെക്കാനിസം, ഓട്ടോകാഡ്, അതുപോലെ ബേസിക് ഇലക്ട്രോണിക്സ്, ബ്യൂട്ടിഷ്യൻ, കമ്പ്യൂട്ടർ അവയർനെസ്, കംപ്യൂട്ടർ ഹാർഡ് വെയർ ആന്റ് അസംബ്ലിംഗ്, ഡാറ്റാ എൻട്രി ആന്റ് കൺസോൾ ഓപ്പറേഷൻ, ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡയറക്റ്റ് മാർക്കറ്റിംഗ്, ഇലക്ട്രിക് മോട്ടോർ വൈൻഡിംഗ് ആന്റ് റിപ്പയർ, ഇലക്ട്രിക്കൽ ടെക്നീഷ്യൻ, ഇലക്ട്രോണിക് ടൈപ്പ്റൈറ്റിംഗ് ആന്റ് ഫോട്ടോ കോപ്പിയിംഗ്, ഹോട്ടൽ മാനേജ്മെന്റ്, ഹൗസ് വയറിംഗ് തുടങ്ങിയിട്ടുള്ള നിരവധി കോഴ്സുകൾ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററുകളോടനുബന്ധിച്ച് നടത്തുകയും ഈ കോഴ്സുകൾ പാസ്സാകുന്ന കുട്ടികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും.....

മി. സ്പീക്കർ : ഈ പറഞ്ഞ കോഴ്സുകളുടെ കാലാവധി എത്രയാണ്?

ശ്രീ. പി.ജെ. ജോസഫ് : ഈ പറഞ്ഞ കോഴ്സുകളിൽ പലതും മൂന്നു മാസം, ആറുമാസം, ഒരുകൊല്ലം തുടങ്ങിയ ഡ്യൂറേഷനുള്ളതാണ്. ഈ കോഴ്സ് പഠിച്ച് കഴിഞ്ഞ് ഇറങ്ങുന്നവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കത്തക്കവണ്ണമുള്ള കോഴ്സുകളാണ് നമ്മുടെ പ്രധാനപ്പെട്ട പോളിടെക്നിക്കുകളിൽ ഇപ്പോൾ നടത്തിവരുന്നത്. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലും കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററുകൾ ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഗവണ്മെന്റ് ഇപ്പോൾ പുതുതായി നാല് പോളിടെക്നിക്കുകൾ ആരംഭിക്കാനായി തീരുമാനിച്ച് അവ ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുകയും മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന കാര്യത്തിൽ നമുക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് കാണാൻ കഴിയും. അതുപോലെ തന്നെ പോളിടെക്നിക്കുകളുടെ കാര്യത്തിൽ മാത്രമല്ല ഐ.ടി.ഐ. കളുടെ കാര്യത്തിലും അങ്ങനെ തന്നെയാണ് സ്ഥിതി. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കഴിഞ്ഞ ഏഴെട്ട് വർഷക്കാലമായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ ഐ.ടി.ഐ.കളുണ്ട്. അതിനൊക്കെ ആവശ്യമായിട്ടുള്ള ഫണ്ട് നൽകുന്നതിന് നമുക്ക് കഴിയാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് അതിന് പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ട് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനാവശ്യമായ നടപടികൾക്ക് മുൻഗണന കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, പോളിടെക്നിക്കുകളുടെ കാര്യത്തിൽ ഇപ്പോൾ വലിയ പുരോഗതി നമ്മൾ കൈവരിച്ചിട്ടുണ്ട്. വേൾഡ് ബാങ്ക് സ്കീമിൽ 53 കോടി രൂപ മുടക്കി നമ്മുടെ പോളിടെക്നിക്കുകൾ വളരെ ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട് ഞാൻ അവയുടെ പേരുകളൊന്നും എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ കുറെ സ്ഥാപനങ്ങൾ ഇനിയും ഉയർത്തിക്കൊണ്ടു വരേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ : വേൾഡ് ബാങ്ക് സ്കീമിൽ ഐ.ടി.ഐ.കളുമുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : ഐ.ടി.ഐ. കളുടെ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധചെലുത്തുന്നതാണെങ്കിലും സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഇന്ന് നമ്മുടെ പോളിടെക്നിക്കുകളെ പ്രത്യേകിച്ചും വളരെ ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നത്തെക്കുറിച്ച് ശ്രീ. ലോനപ്പൻ നമ്പാടൻ ഇവിടെ പറയുകയുണ്ടായി. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ ചില സബ്ജക്റ്റുകൾ അത്യപൂർവ്വമായിട്ടുള്ളതാണ്. അതായത് അനിമൽ ഹസ്ബൻഡറിപോലുള്ള കോഴ്സുകൾക്ക് അദ്ധ്യാപകരെ എടുക്കുന്നത് റിട്ടയർ ചെയ്ത ആളുകളെയാണ്. ഇതിന്റെ ശമ്പളവുമായി ബന്ധപ്പെട്ട് വലിയ ആകർഷണത്വമില്ലാത്ത കോഴ്സുകൾക്കും പല സ്കൂളുകളിലും ഒരു പക്ഷേ അങ്ങ് ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടാവും- ഓരോ അക്കാഡമിക് ഇയറിന്റെയും അവസാനമായിരിക്കും ബന്ധപ്പെട്ടവിഷയം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരെ നിയമിക്കുക. അതുകൊണ്ട് കുട്ടികളെ പഠിപ്പിക്കുന്നതിന് ആവശ്യമായ അദ്ധ്യാപകരെ സമയത്തിനുതന്നെ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ: പല സ്കൂളുകളിലും ഇന്ന് പല വിഷയങ്ങൾക്കും ക്ലാസുകൾ തുടങ്ങുന്നത് വളരെ താമസിച്ചാണ്. അതുകൊണ്ട് വിദ്യാർത്ഥികൾക്കുണ്ടാവുന്ന ബുദ്ധിമുട്ടും സമയനഷ്ടവും പരിഹരിക്കുന്നതിന് എല്ലാവിഷയങ്ങൾക്കും ആവശ്യമായിട്ടുള്ള അദ്ധ്യാപകരെ അതത് അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അദ്ധ്യാപകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും എടുക്കുന്നതുകൊണ്ടുണ്ടാവുന്ന ബുദ്ധിമുട്ടാണ് ഇക്കാര്യത്തിൽ ഉണ്ടാവുന്നത്. എന്നാൽ കുറെയധികം അദ്ധ്യാപകർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലൂടെ വരുന്നുണ്ട്. ഡെപ്യൂട്ടേഷനിൽ വരുന്നവർക്ക് ഇത്രയും പ്രശ്നങ്ങളില്ല. എന്നാൽ ഈ രണ്ട് സിസ്റ്റവും അവസാനിപ്പിച്ചുകൊണ്ട് സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞിരിക്കുകയാണ്. അതിനുവേണ്ട സ്പെഷ്യൽ റൂൾസിന് ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ ഏതാനും ആഴ്ചകൾക്കുള്ളിൽ അന്തിമരൂപം നൽകുന്നതാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഒരു കോഴ്സാണ് ടൂറിസം മേഖലയിലുള്ള കോഴ്സുകൾ. നമ്മുടെ സംസ്ഥാനത്ത് വളരെ കുറച്ചേ അതിനുള്ള സൗകര്യങ്ങൾ ഇന്ന് നിലവിലുള്ളൂ. യു.ജി.സി. യുടെ സഹായത്തോടുകൂടി തൃശൂർ സെന്റ് തോമസ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ ടൂറിസവും കോമേഴ്സും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡിഗ്രി കോഴ്സ് യു.ജി.സി.യുടെ പാക്കേജ് പദ്ധതിയനുസരിച്ച് നടത്തിയിരുന്നു. അത്തരം കോഴ്സുകൾ വീണ്ടും തുടങ്ങുവാനും കോളേജുകളിൽ നിന്നും അതിനുള്ള പ്രൊപ്പോസൽ വന്നുകഴിഞ്ഞാൽ അത് അനുവദിച്ച് കിട്ടാൻ യു.ജി.സി.യിൽ വേണ്ട സമ്മർദ്ദം ചെലുത്താനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, യു.ജി.സി. യുടെ സഹായത്തോടുകൂടി തുടങ്ങുന്ന കോഴ്സുകളുണ്ട്. കഴിഞ്ഞവർഷം തന്നെ കോളേജുകളിൽ അനുവദിച്ച കോഴ്സുകളിൽ പലതും ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇപ്പോൾ ബി.കോമിൽ തന്നെ ബി.കോം വിത്ത് ടൂറിസം ആന്റ് ട്രാവൽ മാനേജുമെന്റ് എന്ന നിലയിൽ കോഴ്സ് തുടങ്ങിയിട്ടുണ്ട്. അതുപോലെ ടൂറിസവുമായി ബന്ധപ്പെട്ട് ബി.എ. ഹിസ്റ്ററി, ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം ആന്റ് ജേർണലിസം തുടങ്ങിയിട്ടുള്ള ഒട്ടേറെ പുതിയ കോഴ്സുകൾ നമ്മുടെ കോളേജുകളിൽ തുടങ്ങിയിട്ടുണ്ട്. അത്തരം കോഴ്സുകൾക്ക് മുൻഗണനകൊടുക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കാം.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, ഇവിടെ ശ്രീ. ലോനപ്പൻ നമ്പാടന്റെ ചോദ്യത്തിനുത്തരമായി മന്ത്രി പറയുകയുണ്ടായി കമ്പ്യൂട്ടറുകൾ സർക്കാർ സ്കൂളുകളിൽ പ്രവർത്തനരഹിതമല്ല, അതിനുള്ള എല്ലാ സൗകര്യവും ചെയ്യുമെന്ന്. രണ്ടുകൊല്ലത്തിനുമുമ്പ് 75,000 രൂപ പി.ടി.എ. പിരിച്ചെടുത്ത് സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങി. 25,000 രൂപ അതിനുപുറമേ മുടക്കി കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യുന്നതിനുവേണ്ട മുറിയും സജ്ജമാക്കിയിട്ടുണ്ട്. അവിടെ എൽ.ബി.എസ്.-ൽ നിന്ന് ഇൻസ്ട്രക്ടർമാരെ കമ്പ്യൂട്ടർപരിശീലനത്തിനായി രണ്ടുവർഷം മുമ്പുവരെ നിയമിച്ചിരുന്നു. എന്നാൽ ഇക്കൊല്ലം ആ ഇൻസ്ട്രക്ടർമാരെ വിത്ത്ഡ്രാ ചെയ്തിരിക്കുകയാണ്. ഇതാണോ കമ്പ്യൂട്ടർ പരിജ്ഞാനത്തോടുള്ള ഈ ഗവണ്മെന്റിന്റെ സമീപനം? എന്റെ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം ഗവണ്മെന്റ് ഹൈസ്കൂളിലെ സ്ഥിതിയും ഇതുതന്നെയാണ്. അങ്ങനെ സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള കമ്പ്യൂട്ടർ കോഴ്സുകൾ പഠിപ്പിക്കുന്നതിന് നാട്ടുകാർ മുൻകൈയെടുത്ത് കമ്പ്യൂട്ടർ വാങ്ങണം, അത് സൂക്ഷിക്കാനുള്ള കെട്ടിടമുണ്ടാക്കണം, പഠിപ്പിക്കുന്നതിനുള്ള ഇൻസ്ട്രക്ടർമാരെ വയ്ക്കണം, മുറി സജ്ജീകരിച്ചു കൊടുക്കണമെന്നൊക്കെയുള്ള അവസ്ഥയുണ്ടായിരിക്കുകയാണ്. പഠിപ്പിക്കാൻ നിയമിച്ച ഇൻസ്ട്രക്ടർമാരെയും ഇക്കൊല്ലം പിൻവലിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ സമീപനം ദയവായി ഗവണ്മെന്റ് തിരുത്തുമോ; കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനു വേണ്ട ഇൻസ്ട്രക്ടർമാരെ എല്ലാ സ്കൂളുകളിലും നിയമിക്കുന്നതിനുവേണ്ട നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ഞാനിവിടെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ കമ്പ്യൂട്ടർ കോഴ്സുകളെക്കുറിച്ചാണ് പറഞ്ഞത്. കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞത് സർക്കാർ സ്കൂളുകളായ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ കാര്യമാണ്. എന്നാൽ ഇവിടെ മെമ്പർ പറഞ്ഞതായ വിഷയം നമ്മുടെ സർക്കാർ ഹൈസ്കൂളുകളിൽ കഴിഞ്ഞവർഷം ഉയർന്നുവന്നു. എൽ.ബി.എസ്സിന് അതിനുള്ള സന്നദ്ധത ഉണ്ട്. അവർക്ക് പിൻമാറണമെന്നുള്ള നില വന്നിട്ടില്ല. ഇക്കഴിഞ്ഞ അക്കാഡമിക് ഇയർ അവസാനിക്കുന്നതുവരെ അവരെ എല്ലായിടത്തും തുടരാൻ അനുവദിച്ചിരുന്നു. ഈ വർഷം പോളിടെക്നിക്കുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടി അതിനുള്ള എല്ലാ സംവിധാനവും നാം ചെയ്യുകയാണ്. ഇപ്പോൾ മൈക്രോ-സോഫ്റ്റിന്റെ എല്ലാം സഹകരണത്തോടുകൂടി അദ്ധ്യാപകർക്ക് അതിനുള്ള പരിശീലനം വൻതോതിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകരെ തന്നെ ഇതിനുവേണ്ടി പരിശീലിപ്പിച്ച് എടുക്കണം, എങ്കിൽ മാത്രമേ സ്ഥിരമായി അദ്ധ്യാപകർ ഇതിനുവേണ്ടി ഉണ്ടാവൂ. അതല്ലാതെ മറ്റേതെങ്കിലും ഏജൻസി, പുറമേനിന്ന് വന്ന് കമ്പ്യൂട്ടർ ഇൻസ്ട്രക്ഷൻ സ്ഥിരമായി നടത്താൻ കഴിയുകയില്ല. പക്ഷേ കഴിഞ്ഞ അക്കാഡമിക് ഇയറിൽ ഇടയ്ക്കുവച്ച് പിൻവലിക്കാനുള്ള തീരുമാനം തിരുത്തുകയും ആ അക്കാഡമിക് ഇയർ അവസാനിക്കുന്നതുവരെ അവരെ അവിടെ തുടർന്ന് പ്രവർത്തിക്കുവാൻ അനുവദിക്കുകയും ചെയ്തിരുന്നു.

<u>ശ്രീ. പി. വിശ്വൻ</u> : സർ, നല്ല അടിസ്ഥാനസൗകര്യമുള്ള നിരവധി ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ നമ്മുടെ കേരളത്തിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. പയ്യോളി ജൂനിയർ ടെക്നിക്കൽ സ്കൂൾ പോലെയുള്ള സ്കൂളുകൾ അവ ടെക്നിക്കൽ സ്കൂളുകളാണെങ്കിലും നല്ലരീതിയിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം ജൂനിയർ ടെക്നിക്കൽ സ്കൂളുകളെ പോളിടെക്നിക്കുകളായിട്ട് മാറ്റാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാവുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ ഇതെല്ലാം നിലനിൽക്കണം. എല്ലാം പോളിടെക്നിക്കുകളായി മാറ്റുക, എല്ലാം എൻജിനീയറിംഗ് കോളേജുകളാക്കുക എന്നുള്ള സമീപനം സ്വീകരിക്കാൻ നമുക്ക് നിവൃത്തിയില്ല. അവയ്ക്കെല്ലാം തന്നെ അതിന്റേതായ പ്രാധാന്യം നമ്മുടെ വിദ്യാഭ്യാസമേഖലയിലുണ്ട്.

<u>ശ്രീ. ജോണി നെല്ലൂർ</u> : തൊഴിലധിഷ്ഠിത കോഴ്സ് തുടങ്ങുന്നതിനെക്കുറിച്ചാണല്ലോ അങ്ങ് പറഞ്ഞത്. ഇതിന്റെ ഭാഗമായിട്ട് നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയകോളേജുകൾ തുടങ്ങാനും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ രംഗത്ത് കുറെക്കൂടി ആളുകളെ തൊഴിൽപരമായിട്ടുള്ള കോഴ്സുകൾ പഠിപ്പിക്കുന്നതിന് സൗകര്യമുണ്ടാക്കത്തക്ക വിധത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയകോളേജുകൾ അനുവദിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : രണ്ടും രണ്ടായിട്ടാണ് ഈ ചോദ്യം കൈകാര്യം ചെയ്തിരിക്കുന്നത്. ഒന്ന് വൊക്കേഷണൽ കോഴ്സുകളും മറ്റൊന്ന് പ്രൊഫഷണൽ കോഴ്സുകളും. അത് രണ്ടും ചോദ്യത്തിന്റെ ചുറ്റും നിന്നുകൊണ്ട് രണ്ടും രണ്ടായിട്ടാണ് കാണുന്നത്. അതുകൊണ്ട് പ്രൊഫഷണൽ കോഴ്സുകൾ ധാരാളമായി തുടങ്ങുന്നത് വേറൊരു വിഷയം. അതൊന്നും ഇവിടെ ഞാൻ പൊതുവേ പരാമർശിച്ചിട്ടേയില്ല. ഒട്ടേറെ കോഴ്സുകൾ നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസ സൗകര്യം നമ്മുടെ സംസ്ഥാനത്ത് പരമാവധി വർദ്ധിപ്പിക്കണമെന്ന് തന്നെയാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : കേരളത്തിലെ വി.എച്ച്.എസ്.ഇ. നടത്തുന്ന എല്ലാ കോഴ്സുകളും കേന്ദ്രഗവണ്മെന്റ് സ്ഥാപനങ്ങൾ പ്രത്യേകിച്ചും റെയിൽവേ, കമ്പിതപാൽ തുടങ്ങിയ വകുപ്പുകളിൽ ഉദ്യോഗത്തിന് യോഗ്യതയായിട്ട് അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് ആ വകുപ്പുകളെക്കൂടി നമ്മുടെ വി.എച്ച്.എസ്.ഇ. കോഴ്സുകൾ അംഗീകരിപ്പിക്കുന്നതിന് ഉതകുന്നവിധത്തിലുള്ള എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഗവണ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : സംസ്ഥാനഗവണ്മെന്റ് അതിലൊരു നിലപാട് സ്വീകരിച്ചിരുന്നു. മറ്റുവകുപ്പുകൾ ദേശീയാടിസ്ഥാനത്തിലുള്ളതാണ്. ഈ കോഴ്സുകൾ ഇവിടെ മാത്രമല്ല ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ആ വകുപ്പുകളൊക്കെ വി.എച്ച്. എസ്. ഇ. നടത്തുന്ന കോഴ്സുകൾ അംഗീകരിക്കേണ്ടതാണ്. അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചാണ് ചോദ്യം. ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യത്തിന്റെ ഹെഡ്ഡിംഗ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വാശ്രയകോളേജ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയാണ്, ഇത് പൂർണ്ണമായും പ്രൊഫഷണലാണ്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാതൊരു കാരണവശാലും ഒരു പ്രസ്താവനയിൽ കണ്ടത് സ്വാശ്രയകോളേജുകൾ സഹകാര്യമേഖലയിൽ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നാണ്. ഈ രണ്ടു പ്രസ്താവനകളിൽ ഏതാണ് ശരി; ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ആ ഒരു വിഷയത്തെക്കുറിച്ച് ആലോചിക്കുകയാണ്. അത് ഓപ്പൺ ആണ്. അതേക്കുറിച്ച് ആലോചിച്ചിട്ടില്ലായെന്ന് പറഞ്ഞതായിട്ടാണ് ഞാൻ വായിച്ചത്. എന്തായാലും അതേക്കുറിച്ച് ഇതേവരെ തീരുമാനിച്ചിട്ടില്ല എന്നതാണ് വസ്തുത. അതൊരു ഓപ്പൺ വിഷയമാണ്.

മി. സ്പീക്കർ : യേസ്, ചോദ്യം 418 .

3 (*418) സഹകരണ മേഖലയിൽ ആശുപത്രികൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. പി. വിശ്വൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചികിത്സാരംഗത്തെ അത്യാധുനിക സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് ലഭ്യമാക്കാൻ സഹകരണ മേഖലയിൽ ആശുപത്രികൾ സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സഹകരണമേഖലയിൽ അത്യാധുനിക സൗകര്യങ്ങൾ ഉള്ള കൂടുതൽ ആശുപത്രികൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ആശുപത്രികൾ കൂടുതൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് സഹകരണ ആശുപത്രികൾക്ക് ഒരു ഫെഡറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ മൂന്നുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly